പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 126

# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 16/03/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 126

# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

525/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 126

# 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

## 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 2003-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിൽ "ഇരുപത്തിയൊന്നായിരം കോടി രൂപയിൽ" എന്ന വാക്കുകൾക്കുപകരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 275-ാം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം, 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

525/2018.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഡോ. ടി. എം. തോമസ് ഐസക്.

## 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ (2003-ലെ 30) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ ഇരുപത്തിയൊന്നായിരം കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

** ** ** **